# ഫെമിനിസം: സ്ത്രീകളുടെ ശബ്ദം

**സ്**ത്രീകൾ എക്കാലത്തും
പീഢിക്കപ്പെട്ടിരുന്നുവെന്ന് ഒരു കൂട്ടർ

**സ്**ത്രീകൾക്കെന്നും അർഹമായ സ്ഥാനം
ലഭിച്ചിട്ടുണ്ടെന്ന് മറ്റൊരു കൂട്ടർ

**സ്**ത്രീ പുരുഷസമത്വത്തിന് വേണ്ടി വാദിക്കുന്നവരും
പ്രവർത്തിക്കുന്നവരും ഒരു ഭാഗത്ത്

**സ്**ത്രീകളെ ലൈംഗികമായും മാനസികമായും
ചൂഷണം ചെയ്യുന്നവർ മറ്റൊരു ഭാഗത്ത്

***പുരുഷമേധാവിത്വം ഒരു യാഥാർത്ഥ്യമോ?***

***സ്ത്രീ പുരുഷ സമത്വം ഒരു മിഥ്യയോ?***

ഫെമിനിസ്റ്റ് ആശയം വെച്ച് പുലർത്തുന്നവരുടെ
വ്യതിരക്ത ശബ്ദം

## സ്ത്രീകളുടെ ശബ്ദം

**പി. വത്സല, സാറാ ജോസഫ്, അജിത,**

**എം.ഡി.രാധിക. ബി.എം. സുഹറ**

തയ്യാറാക്കിയത് : പി.വി. മുഹമ്മദ്കോയ

സ്ത്രീപീഢനത്തിന്റെ കാണാപ്പുറങ്ങൾ
വിശകലനം ചെയ്യുന്ന സമൂഹ ശാസ്ത്ര വീക്ഷണങ്ങൾ

എം.എ.റഷീദ്, ഷെറീന ബാനു സി.പി

ബി.ആർ സോഫിയ



# ഫെമിനിസം : സ്ത്രീകളുടെ ശബ്ദം

പാശ്ചാത്യ നാടുകളിൽ സ്ത്രീയുടെ സമത്വത്തിനും പുരുഷ മേധാവിത്വത്തിൽ നിന്നുള്ള സ്വാതന്ത്ര്യത്തിനും വേണ്ടിയുള്ള പോരാട്ടങ്ങൾക്കും പ്രസ്ഥാനത്തിനുമുള്ള ഒരു പേരാണ് ഫെമിനിസം (Feminism) ഈ അടുത്ത കാലത്താണ് ഫെമിനിസം ഇന്ത്യയിലേക്ക് കടന്നുവന്നത്.

സമൂഹത്തിൽ നിലനിൽക്കുന്ന സകലമാന വിവേചനത്തിനും, അനീതിക്കും ചൂഷണത്തിനുമെതിരെ ഒരു സാമൂഹ്യ സംഘടനയായി ഫെമിനിസ്റ്റ് പ്രസ്ഥാനങ്ങൾ പ്രവർത്തികളിലും ജീവിതത്തിന്റെ എല്ലാമേഖലയിലും സ്ത്രീക്ക് അർഹമായ സ്ഥാനവും പങ്കാളിത്തവും ലഭ്യമാക്കാൻ പരിശ്രമിക്കുകയും ചെയ്യുന്നു. ഫെമിനിസത്തിനെതിരെ ധാരാളം വെല്ലുവിളികളും വിമർശനങ്ങളും ഉണ്ടായിക്കൊണ്ടിരിക്കുന്നുവെങ്കിലും സമൂഹമനസാക്ഷിയിൽ ഒരു പരിധിവരെ എങ്കിലും ചലനങ്ങൾ ഉണ്ടാക്കാൻ സാധിച്ചുവെന്നത് ഇതിന്റെ വിജയമാണ്.

വർത്തമാനസമൂഹത്തിൽ ഫെമിനിസ്റ്റാശയങ്ങൾക്കുള്ള പ്രാധാന്യത്തെക്കുറിച്ച് മലയാളത്തിലെ പ്രമുഖ ഫെമിനിസ്റ്റുകൾ സംവദിക്കുന്നു.




**അജിത**

കോഴിക്കോട് പ്രൊവിഡൻസ് കോളേജിൽ പ്രീഡിഗ്രി പഠിച്ച്കൊണ്ടിരിക്കെ മാവോവാക്യതികളിൽ ആകൃഷ്ടയായി നക്സലൈറ്റ് പ്രസ്ഥാനത്തിലേക്ക് കടന്ന് വരികയും തുടർന്ന് കുറേ വർഷങ്ങൾ വിപ്ലവപ്രസ്ഥാനങ്ങളിൽ മുഴുകി ഇപ്പോൾ ഫെമിനിസ്റ്റ് പ്രവർത്തനങ്ങളിൽ ശ്രദ്ധകേന്ദ്രീകരിച്ചിരിക്കുകയുമാണ് അജിത. തന്റെ ഫെമിനിസ്റ്റ് പ്രവർത്തനങ്ങൾ വിപ്ലവപ്രസ്ഥാനങ്ങളുടെ തുടർച്ചയായാണ് അവർ കാണുന്നത്. നിരവധി വനിതാവിമോചന സംഘടനകൾക്കും മഹിളാസമാജങ്ങൾക്കും നേതൃത്വം നൽകിയിട്ടുള്ള അജിത ഇപ്പോൾ കോഴിക്കോട് 'അന്വേഷി' എന്നൊരു സ്ഥാപനം സ്ത്രീവിമോചന പ്രവർത്തനങ്ങൾക്ക് വേണ്ടി നടത്തുന്നുണ്ട്. അവരുടെ ഫെമിനിസ്റ്റ് ചിന്തകളിലേക്ക് നമുക്ക് കടന്നു ചെല്ലാം.

**? ഫെമിനിസം എന്നത് കൊണ്ട് താങ്കളെന്താണ് ഉദ്ദേശിക്കുന്നത്? ഒന്നു വിശദീകരിക്കാമോ?**

◎ വളരെയധികം തെറ്റിദ്ധരിക്കപ്പെട്ട ഒരു വിഷയമാണ് ഫെമിനിസം പുരുഷമേധാവിത്വം ഉള്ളതുകൊണ്ട് അല്ലെങ്കിൽ പുരുഷമേധാവിത്വത്തിന് എതിരായിട്ടുള്ളതാണ് ഫെമിനിസം. മറ്റൊരു രീതിയിൽ പറഞ്ഞാൽ പുരുഷൻ സ്ത്രീക്ക് മേൽഅധികാരമുറപ്പിക്കുന്ന വ്യവസ്ഥിതിക്കെതിരെയുള്ളതാണ് ഫെമിനിസം, എന്നാൽ വ്യവസ്ഥിതി സംസ്ക്കാരത്തിന്റേയോ മൂല്യത്തിന്റേയോ പ്രശ്നമല്ല, മറിച്ച് സാമ്പത്തികമായും രാഷ്ട്രീയപരമായും വേരുകളുള്ള ഒരു വ്യവസ്ഥിതിയാണ് പുരുഷമേധാവിത്വം.

? പുരുഷ മേധാവിത്വം എന്ന് താങ്കൾ പറഞ്ഞു. എന്താണ് പുരുഷ മേധാവിത്വത്തിന്റേതായ പ്രത്യയശാസ്ത്രം?

◎ സമൂഹവുമായി ബന്ധപ്പെട്ട ഒന്നാണത്. ഒരു കുഞ്ഞു ജനിക്കുമ്പോൾ തന്നെ (അവൻ/ അവൾ) എങ്ങനെയായിരിക്കണം എന്ന് സമൂഹം തീരുമാനിക്കുന്നു. പുരുഷന് അനുകൂലമായ ഒരു സാമൂഹ്യനിയമം അവൻ ഉണ്ടാക്കിവച്ചു. വിധേയത്വത്തിന്റേതായ ഒരു വ്യവസ്ഥിതി സ്ത്രീക്കുമേൽ സമൂഹം കെട്ടിവച്ചു. സ്ത്രീയുടെ സാമൂഹ്യ ജീവിതം നാലുചുമരുകൾക്കുള്ളിൽ മാത്രമായിരിക്കണം. പഴക്കംകൊണ്ട് ഈ കീഴടങ്ങൾ ഒരു സ്വഭാവമായി. അതായത് പൊതുകാര്യങ്ങൾ പുരുഷനും കുടുംബത്തിന്റെ ബാക്കി കാര്യങ്ങളായ അടുക്കളപ്പണിയും മറ്റും സ്ത്രീയും ചെയ്യണമെന്ന വ്യവസ്ഥിതി വന്നു. സ്വന്തം കുഞ്ഞിന്റെ ഭാവിതീരുമാനിക്കുന്നിടത്തുപോലും സ്ത്രീയുടെ അഭിപ്രായം പരഗണിക്കാറില്ല. യഥാർത്ഥത്തിൽ സ്ത്രീ ചെയ്യുന്ന അടുക്കളപ്പണി ഉൽപ്പാദനപ്രവർത്തനമാണ്. ഇത് വലിയൊരു ജോലിയാണ്. കാരണം സമൂഹം നിലനിൽക്കാൻ ഇത് കൂടിയേ തീരൂ. എന്നിട്ടും സമൂഹമത് മാനിക്കാത്തത് പുരുഷമേധാവിത്വ വ്യവസ്ഥിതി നിലനിൽക്കുന്നതുകൊണ്ടാണ്.

? സമൂഹം മാനിക്കുന്നില്ല എന്ന് തീർത്തും പറയുന്നതിലർത്ഥമുണ്ടോ?

◎ ഉണ്ട്, തീർച്ചയായും ഉദാഹരണമായി ഈ അടുത്തയിടെ പൊല്ലാട എന്ന ഗ്രാമത്തിൽ ഞങ്ങൾ ഒരു സമരം സംഘടിപ്പിച്ചു 'അടുക്കള സമരം' കാരണം അടുക്കളയിൽ നിന്നാണ് സ്ത്രീയുടെ അടിമത്തം തുടങ്ങുന്നത്. സമരത്തിനുശേഷം കേരള ഗവൺമെന്റ് പത്രത്തിൽ ഒരു പ്രതികരണം കണ്ടു. ഫാഷിസ്റ്റ് ഫെമിനിസമാണിതെന്നും അവർക്ക് നിരാഹാരം കിടന്നുകൂടെ എന്നും. സ്ത്രീകൾ എല്ലാക്കാലത്തും നിരാഹാരം കിടന്നിട്ടുണ്ട്. ആരും അത് പരിഗണിച്ചിരുന്നില്ല. ഏതൊരുവീട്ടിലും അവസാനഭക്ഷണം സ്ത്രീയാണ് കഴിക്കേണ്ടിവരുന്നത്. ആർക്കെങ്കിലും അസുഖം വന്നാൽ അവിടേയും സ്ത്രീയാണ് കൂടുതൽ ബുദ്ധിമുട്ടേണ്ടിവരുന്നതെന്നും ആരും കാണുന്നില്ല. സ്ത്രീയുടെ പ്രതിഷേധം പുതിയ രീതിയിൽ (പുരുഷന്റെ താല്പര്യങ്ങൾക്കെതിരെ) നീങ്ങുമ്പോൾ പുരുഷമേധാവിത്വത്തിനു വേദനിക്കുന്നുണ്ട് എന്നതിന്റെ തെളിവാണ് നേരത്തേയുണ്ടായ ജല്പനം.

? ഇന്ന് രാഷ്ട്രീയരംഗങ്ങളിൽ സ്ത്രീക്ക് പ്രത്യേകപദവികൾ നല്കുന്നുണ്ട്. ഇത് എത്രമാത്രം വിജയകരമാണ്?

◎ ഈയടുത്തകാലത്ത് പഞ്ചായത്ത് തലത്തിൽ സ്ത്രീക്ക് മുപ്പത്തിമൂന്ന ശതമാനം സംവരണം നല്കപ്പെട്ടു. നല്ലതുതന്നെ, പക്ഷേ അവവേണ്ടപോലെ വിനിയോഗിക്കപ്പെടുന്നുണ്ടോ എന്ന കാര്യം സംശയമാണ്. ഭാര്യയുടെ പദവി ഭർത്താവ് ഉപയോഗിക്കുന്ന ഒരു സമ്പ്രദായം നിലനിൽക്കുന്നു. അതുകൊണ്ട് എന്ത് പ്രയോജനമാണുള്ളത് ? അതേപോലെ തീരുമാനമെടുക്കാൻ മേഖലയിലും അധികാരത്തിന്റെ കൊത്തളങ്ങളിലും സ്ത്രീകൾക്കിനിയും കടന്നുവരാൻ കഴിഞ്ഞിട്ടില്ല. ഇതിന് ബോധപൂർവ്വമായ ഇടപെടൽ സ്ത്രീകളുടെ ഭാഗത്തുനിന്നും ഉണ്ടാവണം. ഒരധികാരിയും സ്വമേധയാ അധികാരം താഴേക്ക് കൊടുക്കുമെന്ന് കരുതുന്നത് വിഡ്ഢിത്തമാണ്. ചിലപ്പോൾ അത് പിടിച്ചെടുക്കേണ്ടിയും വരും, അതിനും സ്ത്രീകൾ തയ്യാറാവേണ്ടതുണ്ട്.

? സ്ത്രീകൾക്കിനിയും അധികാരം ലഭിച്ചിട്ടില്ല. എന്നാണോ അർത്ഥമാക്കുന്നത്?

◎ അധികാരം ലഭിച്ചിട്ടില്ല. എന്നു മാത്രമല്ല അതിനവരെ സമൂഹം അനുവദിക്കുന്നുമില്ല. ഉഷ ഓടരുതെന്നും, മാധവിക്കുട്ടി എഴുതെരുതെന്നുമൊക്കെ പറയാൻ ആർക്കാണധികാരം? (രോഷത്തോടെ) പരിഹാസത്തിന്റെ സ്വരം സ്ത്രീകൾക്ക് നേരെ ഉപയോഗിച്ച് അവരെ തളർത്താനുള്ള ശ്രമം നീചമാണ്. ഇന്നെല്ലാമേഘലയും ആന്റി ഫെമിനിയസമാണ്, അതിനെ ചെറുത്താണ് വല്ലവരും എഴുതാൻ ശ്രമിക്കുന്നത്. അത് സ്ത്രീയുടെ പ്രശ്നമാണ് എന്നതുകൊണ്ട് അതിനെ നികൃഷ്ടമായും നീചമായും കരുതുന്നു. ആ എഴുത്തു തന്നെ ഫെമിനിസമാണ്. മാധവിക്കുട്ടി ഒരിക്കൽ ബലാൽസംഗത്തെപ്പറ്റി എഴുതി പക്ഷേ അവർ ഉദ്ദേശിച്ചതിനെ നേരെ വിപരീതമാണ് പത്രക്കാർ എഴുതിയത്. എന്തൊരു കോലാഹലമായിരുന്നു! "മാധവിക്കുട്ടി ബലാൽസംഗത്തെ ഡെറ്റോളിനെ പ്പോലെ നിസ്സാരമായി കരുതുന്നു!", ഭയങ്കര പ്രശ്നം തന്നെ! യഥാർത്ഥത്തിൽ മാധവിക്കുട്ടി ബലാൽസംഗത്തിന് ഇരയായ പെൺകുട്ടികളെ മാനസികമായി ഉയർത്തുകയായിരുന്നു. കാരണം റേപ്പിന് വിധേയായ വ്യക്തിയെ സംബന്ധിച്ചിടത്തോളം ശാരീരക പീഢനങ്ങളെക്കാൾ മാനസിക തളർച്ചയാണ് പ്രശ്നം അതിനവർക്കു വേണ്ടത് ഉപദേശവും, ആത്മവിശ്വാസവും നൽകുക എന്നുള്ളതാണ്. പാശ്ചാത്യ രാജ്യങ്ങളിൽ ഇതിനു വേണ്ടി പ്രത്യേക ക്ലിനിക്കുകൾ തന്നെ പ്രവർത്തിക്കുന്നുണ്ട്. ഇന്ത്യയിലേക്കും ഈ സമ്പ്രദായം കടന്നുവരണമെന്നാണ് എന്റെ ആഗ്രഹം. ചുരുക്കത്തിൽ റേപ്പ് പ്രശ്നം ഒരു Sexual act എന്നതിലുപരി violent act ആയി സമൂഹം കാണണം.

? സ്ത്രീപീഢനങ്ങളെ സമൂഹം ഒറ്റക്കെട്ടായി കാണുകയും എതിർക്കുകയും ചെയ്യുന്നില്ല. എന്നാണോ?

◎ അതേ, ഉദാഹരണമായി സൂര്യനെല്ലിപ്രശ്നത്തിൽ അവസാനം റേപ്പിന് വിധേയായ കുട്ടിയിലും, അവളുടെ അമ്മയിലും കുറ്റം കാണാനാണ് പലരും ശ്രമിച്ചത്. എന്തൊരു വിചിത്രമാണ് സംഗതികൾ ! അതേപോലെ ഒരു കുടുംബത്തിൽ പ്രശ്നമുണ്ടാകുകയാണെങ്കിൽ അവിടെയും അവസാനം തെറ്റു കണ്ടെത്തുക സ്ത്രീയിലായിരിക്കും. സ്ത്രീയുടെ അവസ്ഥകളൊന്നും ആരും പരിഗണി

ക്കാറില്ല. പുരുഷന്റെ ലോകം വിശാലമാണ് നേരെ മറിച്ച് അവളുടെ ലോകം സങ്കുചിതവും.

**?** സ്ത്രീകളുടെ പ്രശ്നങ്ങൾക്ക് കാരണം സ്ത്രീകൾ തന്നെയാണെന്നൊരു ആക്ഷേപമുണ്ടല്ലോ?

◎ തീർത്തും വികലമായ ഒരു കാഴ്ചപ്പാടാണ് അത്. അത് നേരത്തെ ഞാൻ പറഞ്ഞപോലെ സ്ത്രീവിമോചന ചിന്താഗതിക്കാരെ തളർത്താനുള്ള ശ്രമത്തിന്റെ ഭാഗമാണ്. ഞാൻ ചോദിക്കട്ടെ തൊഴിലാളികളെ പീഡിപ്പിക്കാൻ മുതലാളിമാർ തൊഴിലാളി വർഗ്ഗത്തെ തന്നെ കൂട്ടുപിടിക്കുന്നു. തൊഴിലാളികളുടെ ശത്രുക്കൾ തൊഴിലാളികൾ തന്നെയെന്ന് ആരെങ്കിലും പറയാറുണ്ടോ? മുഖ്യ ശത്രു പുരുഷമേധാവിത്വം തന്നെയാണ്. അവരിൽ ചിലർ സ്ത്രീകളെ തന്ത്രപരമായി ഉപയോഗിക്കുകയാണ്. ചെയ്യുന്നത്.

**?** വനിതാ പ്രസിദ്ധീകരണങ്ങളെയും സൗന്ദര്യമത്സരങ്ങളേയും സംബന്ധിച്ച്.....?

◎ സമകാലിക വനിതാ പ്രസിദ്ധീകരണങ്ങളെല്ലാം സ്തീയെ വസ്തുവത്കരിക്കാനാണ് ശ്രമിക്കുന്നത്, ഫാഷനിലും, മോഡലിങ്ങിലും അവരെ തളച്ചിടാൻ. അവൾക്കൊരു വ്യക്തിത്വമുണ്ടെന്നുള്ള കാര്യം അവ മനസ്സിലാക്കുന്നില്ല. (താങ്കൾ അവയിൽ എഴുതുന്നത് കാണാറുണ്ടല്ലോ) ഞാൻ എന്റെ ആശയങ്ങൾ അതിലെഴുതാറുണ്ട്. എന്തുചെയ്യാൻ സ്വന്തമായി ഒരു പ്രസിദ്ധീകരണം വരുന്നതുവരെ മറ്റുമാധ്യമങ്ങളിലൂടെ നമ്മുടെ ആശയങ്ങൾ ജനങ്ങളിൽ എത്തിക്കേണ്ടിവരും. അത്രമാത്രം. സൗന്ദര്യമൽസരങ്ങൾ തീർത്തും നിരുത്സാഹപ്പെടുത്തേണ്ട ഒന്നാണ്. അടുത്ത മത്സരം അരങ്ങേറുന്നത് ബാംഗ്ലൂരിൽ വച്ചാണെന്ന് ഞാനറിഞ്ഞു. എനിക്കു തോന്നുന്നത് കഴിഞ്ഞ മത്സരത്തിൽ സമ്മാനാർഹരെ നിശ്ചയിച്ചത് തികച്ചും മുൻകൂട്ടി തീരുമാനിച്ചതിൻ പ്രകാരമായിരുന്നു എന്നാണ്.

❋

# പി. വത്സല



*പ്രകൃതിയുടെ കഥാകാരിയായ പി. വൽസല ഫെമിനിസത്തെ കുറിച്ച് വ്യക്തമായ ധാരണകൾ വെച്ചുപുലർത്തുന്നു. സ്ത്രീയും പുരുഷനും തമ്മിൽ ഒരു മൽസരമല്ല ഫെമിനിസത്തിലൂടെ വൽസല ഉദ്ദേശിക്കുന്നത് സ്ത്രീയുടെ വ്യക്തിത്വത്തിനും അവരുടെ പ്രശ്നങ്ങൾക്കുമാണ് വത്സല പ്രാധാന്യം നൽകുന്നത്.*

**?** ഫെമിനിസം ആധുനികതയുടെ സംഭാവനയാണെന്ന് താങ്കൾ വിശ്വസിക്കുന്നുവോ? എന്ത് കൊണ്ട്?

◎ ഫെമിനിസം പുതിയ ഒന്നല്ല. പുരാണങ്ങളിൽ പോലും ഫെമിനിസ്റ്റ് കാഴ്ചപ്പാടുള്ള സ്ത്രീകഥാപാത്രങ്ങൾ ഉണ്ട്. പക്ഷേ അവ പലപ്പോഴും അറിയപ്പെടാതെ നിലകൊള്ളുന്നു. അതുകൊണ്ട് തന്നെ ഫെമിനിസം ആധുനിക നൂറ്റാണ്ടിന്റെ ഉൽപ്പന്നമായി പലരും കരുതുന്നു. ഇതിഹാസത്തിലെ ലോപാമുദ്ര ഫെമിനിസ്റ്റ് കാഴ്ചപ്പാടുള്ള സ്ത്രീകളിൽ ഒരാളാണ്. മാത്രമല്ല ഫെമിനിസം ചില പ്രത്യേക വ്യക്തികളിലോ ദേശങ്ങളിലോ മാത്രം ഒതുങ്ങുന്നുമില്ല.

**?** ഫെമിനിസത്തിന്റെ ഈ പ്രത്യേകത (വ്യക്തികളിൽ ദേശങ്ങളിൽ ഒതുങ്ങുന്നില്ല) വിശദീകരിക്കാമോ?

◎ സമൂഹത്തിൽ എല്ലാ രംഗങ്ങളിലും അവഗണിക്കപ്പെടുന്ന സ്ത്രീ തന്റെ സ്വത്വം വീണ്ടെടുക്കാനുള്ള ഒരന്വേഷണത്തിൽ ഏർപ്പെടുന്നു. തൊഴിലാളിവർഗ്ഗം ഉണർന്നെഴുന്നേറ്റ പോലെ അല്ലെങ്കിൽ കൊളോണിയലിസത്തിനെതിരെ അടിമപ്രജകൾ കലാപം കൂട്ടിയതുപോലെ. പക്ഷേ ഫെമിനിസം ഒരു പടി മുന്നോട്ടു പോവുന്നു. കാരണം അതിന് വർഗ്ഗദേശ ഭിന്നതകളില്ല. കീഴറ്റം തൊഴിലാളി സ്ത്രീ തുടങ്ങി സമൂഹത്തിലെ ഉന്നതങ്ങളിലുള്ളവർവരെ ഫെമിനിസ്റ്റ് ചിന്താഗതിക്കാരാകാം. മറ്റൊരു വിധത്തിൽ പറഞ്ഞാൽ ഇത് അതിരുകൾക്കുള്ളിൽ ഒതുങ്ങി നിൽക്കുന്ന ഒന്നല്ല.

**?** സ്ത്രീകൾ രണ്ടാം കിടക്കാരായി പരിണമിക്കുന്നതിന്റെ സാമൂഹ്യ പശ്ചാത്തലം എന്താണ്?

◎ സ്ത്രീകൾ അനുഭവിക്കുന്ന അടിമത്തത്തിന് സാമൂഹിക പശ്ചാത്തലം ഉണ്ട്. വൈകാരിക വിക്ഷോഭവും അതിൽ ഉൾചേർന്നിരിക്കുന്നു. സ്വന്തം ഉത്തരവാദിത്വം ഏറ്റെടുത്ത് പുരുഷന്റെ ചെലവിൽ പരാന്ന ഭുക്കാരുതെന്ന് ഓരോ സ്ത്രീയും വിചാരിക്കാൻ തുടങ്ങുമ്പോൾ ഫെമിനിസത്തിന്റെ പ്രസക്തി കുറയേണ്ടതാണ്. സ്വന്തം സംരക്ഷണയിൽ കഴിയുന്ന സ്ത്രീയിൽ നിന്ന് പുരുഷൻ സ്വാഭാവികമായും വിധേയത്വവും ചിലപ്പോൾ അടിമത്തവും കാംക്ഷിക്കുന്നു. വിവാഹം, കുടുംബം എന്നീ സാമ്പ്രദായങ്ങൾ നിലനിൽക്കുന്നിടത്തോളം കാലം സ്ത്രീപുരുഷന്മാർ തമ്മിൽ അധികാരത്തിനുള്ള ഒരു വടം വലി സമൂഹത്തിൽ നിലനിൽക്കുമെന്നതിൽ സംശയമില്ല.

**?** സമൂഹത്തിന്റെ കെട്ടുറപ്പിനും ഭാവിതലമുറകളുടെ സംരക്ഷണത്തിനും ഇന്നുള്ള വിവാഹ കുടുംബ-സാവിധാനം പ്രായോഗിക തലത്തിൽ ഏറ്റവും മെച്ചപ്പെട്ട ഒന്നായിരിക്കെ ഇതിനെതിരെ ശബ്ദിക്കുന്നത് ഉചിതമാണോ?

◎ നല്ലതല്ലായിരിക്കാം. പക്ഷേ, ഇന്ന് ഒരു കുടുംബത്തിന് ഒരു സ്ത്രീ ഭാര്യ അല്ലെങ്കിൽ അമ്മ കൊടുക്കുന്ന വില എത്രയെന്ന് പുരുഷൻ ചിന്തിക്കുന്നില്ല. കുടുംബസാവിധാനം കൊണ്ടുള്ള നേട്ടങ്ങളത്രയും പുരുഷനും കഷ്ടനഷ്ടങ്ങളെല്ലാം സ്തീക്കുമാണ് വരുന്നതെന്നതിൽ വിലകൊടുത്ത് ഇങ്ങനെയൊരു വിലങ്ങ്മേടിച്ച് ആജീവനാന്തം അതൊരു ആഭരണമെന്ന് നടിച്ചുകഴിയണോ എന്ന് വിദ്യാഭ്യാസവും തന്റേടവും സംസ്ക്കാരവുമുള്ള ഒരു സ്ത്രീ

ആലോചിക്കാതെ വയ്യ എന്നിട ത്താണ് മുകളിൽ ഞാൻ പറഞ്ഞ തിന്റെ പ്രസക്തി.

**?** ഇതിനൊരു പരിഹാരമായി വൈവാഹിക കുടുംബ ബന്ധങ്ങളെ നിരാകരിക്കുക എന്നുള്ളത് ശരിയായ ഒന്നാണോ?

**◎** അതല്ലാ ഞാൻ ഉദ്ദേശിക്കു

സ്ത്രീ വിവാഹത്തേയും കുടുംബ ജീവിതത്തേയും നിരസിക്കാൻ തുനി ഞ്ഞേക്കാം. ഈ സംവിധാനങ്ങളൊ ന്നുമില്ലാതെ അമ്മയാവുക എന്ന ആഗ്രഹം അവൾക്കു സാധിക്കു കയും ചെയ്യും. ✻

*ലിൽ രണ്ടു ഭർത്താക്കൻമ്മാരാലും ഉപേക്ഷിക്കപ്പെടുന്ന ഒരു സ്ത്രീയുടെ കഥയാണ്. 'ഭ്രാന്ത്' എന്ന കഥ മുഖേന സ്ത്രീകളുടെ ചെറിയ പ്രശ്നങ്ങൾ പോലും ഒരു വലിയ സംഭവമായി മാറ്റാൻ അവർക്ക് സാധി ച്ചിട്ടുണ്ട്. അവരുടെ ഫെമിനിസ്റ്റ് വീക്ഷണങ്ങളിലേക്ക് നമുക്ക് കടന്നു*



ന്നത്. കുടുംബംകൊണ്ട് കൂടുതൽ സുഖം അനുഭവിക്കുന്ന പുരുഷനും കൂടുതൽ കാരുണ്യം ലഭിക്കുന്ന സ്ത്രീയും ചില നീക്കുപോക്കു കൾക്കു വിധേയമായേതീരൂ. ഒരു സ്ത്രീ ഒരിക്കലും അടുക്കളയിലെ ആജീവനാന്ത അടിമയായിത്തീരാൻ ആഗ്രഹിക്കുകയില്ല. അത് കൊണ്ട് തന്നെ ബന്ധങ്ങൾക്കിടയിൽ പര സ്പര ധാരണ ഉണ്ടായെങ്കിൽ മാത്രമെ കുടുംബ ബന്ധം മുന്നോട്ട് പോവൂ. പുരുഷൻ താൻ പണിത മിഥ്യാഹങ്കാരത്തിന്റെ ദന്തഗോപുര ത്തിൽ നിന്ന് താഴെ ഇറങ്ങിവരാൻ [illegible] വരുംകാലം

## ബി. എം. സുഹറ



*മലയാളത്തിലെ മുസ്ലീം എഴുത്തുകാരിക ളിൽ ശ്രദ്ധേയ യായ ബി. എം. സുഹറ യുടെ ഭൂരി ഭാഗം രചനക ളിലും സ്ത്രീകളുടെ പ്രശ്നങ്ങൾ സ്വാഭാവികമായി കടന്നു വരുന്നത് നമുക്ക് കാണാൻ സാധിക്കും. ഉദാ ഹരണത്തിന് 'മൊഴി' എന്ന നോവ*

*ചെല്ലാം.*

**?** ഇന്ന് ധാരാളം സ്ത്രീ വിമോ ചന പ്രസ്ഥാനങ്ങൾ നിലവിലു ണ്ടല്ലോ. സ്ത്രീ വിമോചന പ്രസ്ഥാ നങ്ങൾ അനിവാര്യമായ ഒന്നാണോ?

**◎** സ്ത്രീ വിമോചനത്തിന് ഒരു നിർവ്വചനം കണ്ടുപിടിക്കാൻ ഇതുവ രെയും എനിക്കായിട്ടില്ല. അങ്ങനെ ഒന്നോ രണ്ടോ വാക്യത്തിൽ ചുരു ക്കിപ്പറയാൻ സാദ്ധ്യമല്ല എന്നേ എനി ക്കതിനെപറ്റി പറയാനുള്ളൂ. പാശ്ചാ ത്യരിൽ നിന്നും എത്രയോ വിഭിന്ന മായ പ്രശ്നങ്ങളാണ് ഇന്ത്യൻ സ്ത്രീക്ക് നേരിടാനുള്ളത്. അതു കൊണ്ട് തന്നെ [illegible] യോജിച്ച

സ്ത്രീ വിമോചന പ്രസ്ഥാനമാണ് ഇവിടെ വളർന്നുവരേണ്ടത്.

**?** തീവ്രവാദ ഫെമിനിസ്റ്റുകൾ കുടുംബ ബന്ധത്തെ അംഗീകരിക്കുന്നില്ല. കുടുംബ ബന്ധം പുരുഷമേധാവിത്വം അടിച്ചേൽപ്പിക്കാൻ കാരണമാവുന്നു. എന്നതാണവരുടെ വാദം എന്താണ് താങ്കളുടെ നിലപാട്?

◎ ഇന്നത്തെ സാഹചര്യത്തിൽ കെട്ടുറപ്പുള്ള ഒരു കുടുംബ ബന്ധം സമുദായത്തിന്റെ കൂടി ആവശ്യമാണ്. കുടുംബ ബന്ധങ്ങളിലുണ്ടായ തകർച്ച പാശ്ചാത്യനാടുകളിൽ ഉണ്ടാക്കിയ മൂല്ല്യശോഷണം നാം കണ്ടുകൊണ്ടിരിക്കയാണല്ലോ? യുവതലമുറയെ മദ്യത്തിന്റെയും മയക്കുമരുന്നിന്റെയും ലോകത്തലെത്തിച്ചത് ഇത്തരം മൂല്ല്യത്തകർച്ചകളാണ്. അതുകൊണ്ട് മാന്യതയും തുല്യതയും നേടിയെടുക്കാൻ പോരാടുന്നതിനോടൊപ്പം കുടുംബത്തോടും സമൂഹത്തോടുമുള്ള കടമകൾ നിർവ്വഹിക്കാനും സ്ത്രീകൾ തയ്യാറാവണം.

**?** 'മാതൃത്വം' എന്നത് സ്തീയെ അടിമയാക്കാൻ വേണ്ടി പുരുഷമേധാവിത്വം കൊണ്ടുവന്ന ഒരു ഉപാധിയായി കണ്ടാൽ അതിൽ തെറ്റുണ്ടോ?

◎ സ്ത്രീയെ സമൂഹം മാനിക്കുന്ന ഒരു നിലവരുമ്പോഴേ സ്ത്രീക്ക് മോചനം കിട്ടുകയുള്ളൂ. അമ്മയായി ഭാര്യയായി സഹോദരിയായി സ്ത്രീയെ കാത്തുസൂക്ഷിക്കാൻ നമ്മുടെ പുരുഷൻമാർ തയ്യാറാണ്. അതേ സമയം ഒരു വ്യക്തി എന്നനിലയിൽ കാണാൻ അവർ ഒരുക്കമല്ല. വിവാഹം, മാതൃത്വം തുടങ്ങിയ അടിമപ്പെടുത്തുന്ന കെട്ടുകൾ പൊട്ടിക്കണമെന്ന് വാദിക്കുന്നവരോട് എനിക്ക് യോജിപ്പില്ല. മാതൃത്വം സ്ത്രീക്ക് ദൈവം കനിഞ്ഞരുളിയ അനുഗ്രഹമാണ്. അന്ധമായ പുരുഷ വിദ്വേഷത്തിന്റെ പേരിൽ അത് നിഷേധിക്കുന്നത് പ്രകൃതിയോടും വരും തലമുറയോടും കാണിക്കുന്ന അപരാധമാണ്. ബുദ്ധിയിലും കഴിവിലും തുല്ല്യമാണെങ്കിലും പ്രകൃതി സ്ത്രീയേയും പുരുഷനേയും വ്യത്യസ്തമായാണ് സൃഷ്ടിച്ചിരിക്കുന്നത്.

അതുകൊണ്ട് തന്നെ അന്യോന്യം മാനിച്ച്, വിശ്വസിച്ച് സ്നേഹിച്ച് കഴിയാതെ പരസ്പരം കലാപം കൂട്ടുന്നതിൽ എന്തർത്ഥം. പാരമ്പര്യത്തെ



അറുത്ത് കളയാത്ത ഒരു സ്ത്രീ വിമോചന പ്രസ്ഥാനമാണ് ഇവിടെ വളർന്ന് വരേണ്ടത്.

**?** തൊഴിൽരംഗങ്ങളിൽ സ്ത്രീകൾ പുരുഷൻമാരോടൊപ്പം എത്തിയിരിക്കുന്നു. അത്കൊണ്ട് തന്നെ സാമ്പത്തിക രംഗങ്ങളിൽ അവർക്ക് തീരുമാനങ്ങളെടുക്കാനും സാധിക്കുന്നു. സാമ്പത്തിക സ്വാതന്ത്ര്യം ഒരു പരിധിവരെയെങ്കിലും സ്ത്രീകളുടെ പ്രശ്നങ്ങൾക്ക് പരിഹാരമല്ലേ?

◎ സാമ്പത്തിക സ്വാതന്ത്ര്യമുണ്ടായാൽ സ്ത്രീകളുടെ എല്ലാ പ്രശ്നങ്ങളും തീർന്നു എന്നു പറയുന്നതിനോട് എനിക്ക് യോജിപ്പില്ല. വിദ്യാഭ്യാസവും സാമ്പത്തിക സ്വാതന്ത്ര്യവുമുണ്ടായിട്ടും. പീഢനം അനുഭവിക്കുന്നു എത്രയോ സ്ത്രീകളുണ്ട്. സമുദായത്തെ ഭയന്ന് അവർ ഒന്നും പുറത്ത് പറയാറില്ലെന്ന്

മാത്രം. തന്നെ വരിഞ്ഞുമുറുക്കുന്ന ഇത്തരം കാണാക്കയറുകൾ അറുത്ത് കളയണമെങ്കിൽ സ്ത്രീക്ക് അസാധരണമായ ചങ്കൂറ്റം വേണം. അതിനുള്ള പരിശീലനം ചെറുപ്പം തൊട്ട് തുടങ്ങണം. സ്ത്രീകൾ തന്നെ ഇങ്ങനെയൊരു സംരഭത്തിന് തുടക്കമിടണം.

? പുരുഷൻ മാർക്കും ഇക്കാര്യത്തിൽ സ്ത്രീയെ സഹായിക്കാൻ സാധിക്കുമല്ലോ അല്ലെ?

◎ തീർച്ചയായും സാധിക്കും. സ്ത്രീകളുടെ അധിപനെന്നതിലുപരി അവളുടെ സുഹൃത്തും വഴിക്കാട്ടിയും കൂടിയാണ് തങ്ങളെന്നു ബോധം സ്ത്രീകളിലുണ്ടാക്കാൻ പുരുഷൻമാർക്ക് കഴിയണം. പെണ്ണിന് സമൂഹത്തിൽ അർഹമായ തുല്യ സ്ഥാനവും മാന്യതയും നേടിയെടുക്കാൻ മുന്നിട്ടിറങ്ങാൻ പുരുഷൻമാർ തയ്യാറാവണം. അങ്ങനെ ഉള്ള ഒരു ലോകത്തിൽ അന്ധവിശ്വാസങ്ങൾക്ക് സ്ഥാനമില്ലാതാവുന്നു. കൊള്ളാവുന്നവരാണെന്നു തോന്നൽ എല്ലാവരിലും ഉണ്ടാക്കണം. എല്ലാ രംഗങ്ങളിലും കൂടുതൽ പ്രാതിനിധ്യത്തിനു വേണ്ടി പരിശ്രമിക്കുകയും ചെയ്യണം. ഇതിനൊക്കെയുള്ള ഒരു ഉപാധിയായി ഫെമിനിസത്തെ സ്ത്രീകൾ കാണണം.

❋

## എം. ഡി. രാധിക



*പുരുഷ നിർമ്മിത [illegible] ഭാവങ്ങളെ [illegible] തിരിച്ചറിയുകയും, ഇവരെയുംവ[illegible] യതിനപ്പുറ സ്ത്രീ എന്ന നിലയിൽ ആവിഷ്കരിക്കപ്പെടാൻ പലതും ബാക്കികിടക്കുന്നുവെന്ന് മനസ്സിലാക്കുകയും ചെയ്ത എഴുത്തുകാരിയാണ് എം. ഡി. രാധിക. ഫെമിനിസ്റ്റ് ആശയങ്ങൾ നിറഞ്ഞഹൃദയവുമായി അവർ [illegible]*

? ഫെമിനിസത്തെക്കുറിച്ച് നമ്മുടെ നാട്ടിൽ പരക്കെ പല തെറ്റിദ്ധാരണകളുമുണ്ട്. അതിൽ ഏറ്റവും പ്രധാനം അത് പുരുഷനെ വെറുക്കുവാൻ പഠിപ്പിക്കുന്നു എന്നതാണ്. ഈ അവസ്ഥയെക്കുറിച്ച് എങ്ങനെ വിലയിരുത്തുന്നു.

◎ ഫെമിനിസം സ്ത്രീപുരുഷ സ്നേഹത്തിനെതിരല്ല. പുരുഷനെയല്ല, അവനിലെ പുരുഷാധിപത്യ പ്രവണതയെയാണ് അത് എതിർക്കുന്നത്. ഗാന്ധിജി ബ്രിട്ടീഷുകാരെ നേരിട്ടപ്പോഴും മാർട്ടിൻ ലൂതർകിംഗ് ജൂനിയർ അമേരിക്കൻ നീഗ്രോകൾക്കു വേണ്ടി നിലകൊണ്ടപ്പോഴും ഇത്തരം സംശയങ്ങൾ മറുപക്ഷത്ത് ഉണ്ടായിട്ടുണ്ടാവണം. എന്നാൽ അവയെല്ലാം സ്നേഹസമരങ്ങളായിരുന്നു. ഗാന്ധിജിയോ, കിംഗോ, വെള്ളക്കാരെ വെറുത്തില്ല എങ്കിലും അവരിലെ സാമ്രാജ്യത്വ വാദപരവും വംശീയ വിരോധത്തിലൂന്നിയതും ആയ ചിന്തകളെ പാടെ എതിർത്തിരുന്നു.

? ആധുനിക പാശ്ചാത്യഫെമിനിസുകൾ അർദ്ധനാരീശ്വര ' സങ്കല്പം എന്നതിലേക്ക് ഈയിടെയായി ചിന്തിച്ചുതുടങ്ങിയിരിക്കുന്നു.ഈ സങ്കല്പം സ്ത്രീയും പുരുഷനും പരസ്പരം പൂരകങ്ങളായ ഘടകങ്ങളാണെന്ന് നമ്മെ മനസ്സിലാക്കിതരുന്നുണ്ടല്ലോ? ഇതിനെക്കുറിച്ചെന്താണഭിപ്രായം.

◎ സ്ത്രീകൾ ആഗ്രഹിക്കുന്ന തരത്തിലുള്ള സമത്വവും സ്വാതന്ത്ര്യവും വിമോചനവും വരണമെങ്കിൽ പുരുഷൻമാരുടെ സഹകരണം അനിവാര്യമാണ്. ഫെമിനിസം പുരുഷന്റെ സഹകരിക്കാനുള്ള സന്നദ്ധത ഒരിക്കലും നിരാകരിക്കുന്നില്ല. സ്ത്രീയെ അവളുടെ സമഗ്രതയിൽ മനസ്സിലാക്കുവാനും സ്നേഹിക്കുവാനും ഫെമിനിസ്റ്റ് ചിന്ത ഒരു പുരുഷനെ പ്രാപ്തനാക്കും. കാരണം അത് സ്ത്രീയുടെ പൂർണ്ണമാനവ പദവിക്കുവേണ്ടി യാണ് വാദിക്കുന്നത്. സ്ത്രീയും പുരുഷനും തുല്യതയിൽ നിൽക്കുന്ന ഒരു ആദർശ സമൂഹം ഉണ്ടാക്കിയെടുക്കുവാൻ സ്ത്രീകൾ മാത്രം വിചാരിച്ചാൽ സാധ്യമാവുകയില്ല.

? നമ്മുടെ സ്ത്രീകൾ ഫാഷനിലും മോഡലിങ്ങിലുമെല്ലാം ഒതുങ്ങിപോവുന്നില്ലെ? എന്താണിതിനു കാരണം?

◎ ഇക്കാര്യത്തിൽ അവരെ കുറ്റപ്പെടുത്തിയതുകൊണ്ടു മാത്രമായില്ല. സമൂഹത്തിലേക്ക് വരാനുള്ള അവസരം അവർക്ക് സൃഷ്ടിച്ചുകൊടുക്കുകയാണ് വേണ്ടത്. നൃത്തമാടി തിമർക്കുന്ന തിരകളെ നോക്കി, ആരാലും ശ്രദ്ധിക്കപ്പെടാതെ തനിച്ചിരിക്കാനും നിലാവ് നിറഞ്ഞു തൂവിയ ഇടവഴികളിലൂടെ കുറെ നടക്കാനും ഒരു ശരാശരി മലയാളിപെൺകുട്ടിക്ക് എന്നാണ് ഭാഗ്യമുണ്ടാവുക? അടുക്കളക്കും ആഭരണങ്ങൾക്കു മുപ്പുറം, ബുദ്ധിയുടെയും ആത്മാവിന്റെയും വികാസം അളവിൽ കടന്നുവരേണ്ടതുണ്ട്.



? പവിത്രമായ സ്നേഹബന്ധങ്ങൾപോലും നമുക്ക് നഷ്ടമായിക്കൊണ്ടിരിക്കയാണല്ലോ? ഉപഭോഗ സംസ്ക്കാരത്തിന്റെ ഈ പരക്കം പാച്ചിലിനെ ഏത് രീതിയിലാണ് കാണുന്നത.?

◎ ഇന്നെല്ലാം വില്പന ചരക്കുകളായികൊണ്ടിരിക്കയാണ്. സ്ത്രീയുടെ ശരീരവും. ഫെമിനിസ്റ്റാശയങ്ങൾ പുലരുന്ന ഒരു സമൂഹത്തിൽ നമ്മുടെ സ്നേഹസങ്കല്പങ്ങൾ മാറ്റിയെടുക്കേണ്ടിവരും. എങ്കിലും സ്നേഹം നിലനിൽക്കും കൂടുതൽ ഓജസ്സോടെ.

❋

# സാറാജോസഫ്

*ആൺകോയ്മയുടെ ചലന നിയമങ്ങൾ മനസ്സിൽ പേറുന്ന വർത്തമാന കാല സമൂഹത്തിന് പെണ്ണിന്റെ കണ്ണിലൂടെ രചിക്കുന്ന പാഠഭേദമാണ് സാറാ ജോസഫിന്റെ കഥകൾ.*

*ഊതിവീർപ്പിച്ച ഡാൽഡാ മുഖങ്ങളും ക്രീമുകളുടെ സമൃദ്ധിയിൽ തെളിയുന്ന ബ്യൂട്ടി പാർലർ സൗന്ദര്യവും നമ്മുടെ വനിതാമാസികകളിൽ ബഹുവർണ്ണ ഫീച്ചറുകളായി നിറയുമ്പോൾ ഇന്നലെ വരെ അയലത്തെ പെൺകുട്ടിയുടെ മനസ്സിലും സുസ്മിതയുടെ ഏഴാംകിട ബുദ്ധിയിൽ ഉടക്കിപ്പോയ ലോകസുന്ദരിപ്പട്ടം ഉറക്കം കെടുത്തുകയാണ്. ചുടൻ ടെലിടോക്ക് ആയും ആഗോളകമ്പോളത്തിലെ ചെട്ടിമിടുക്കിന് ഒരു കരുവായും പെണ്ണ് അതിവേഗം ഒരു കാഴ്ചവസ്തുവാകുന്നു ഇന്ന് മാധ്യമവേഗങ്ങളുടെ ദിശയ്ക്കെതിരെ പെൺമയുടെ ഉൾക്കരുത്ത് അറിഞ്ഞു പൊരുതുന്ന സാറാജോസഫിന്റെ മൊഴികൾ നമുക്കു ശ്രദ്ധിക്കാം.*

**?** ആണെഴുത്തും പെണ്ണെഴുത്തും തമ്മിലുള്ള വ്യത്യാസങ്ങൾ ടീച്ചറൊന്ന് വിവരിച്ചു തരാമോ?

**◎** ആണെഴുത്തും പെണ്ണെഴുത്തും തമ്മിൽ ഒരു പാടു വ്യത്യാസമുണ്ട്. ഇതിനു പ്രധാനകാരണം അവരുടെ ജീവിത രീതികളിൽ ഉള്ള വ്യത്യാസമാണ്. പുരുഷന് കുടുംബബന്ധങ്ങളിൽ നിന്നും അകന്നുനിന്ന് എഴുതാൻ സാധിക്കും. സ്വന്തം കടമകളെ കുറച്ചുനേരത്തേക്കെങ്കിലും മറന്നുകൊണ്ട്. അവനെ ഇതിൽ സഹായിക്കാൻ കുടുംബാംഗങ്ങളെല്ലാവരും ഉത്സുകരായിരിക്കും താനും. സ്ത്രീക്ക് കുടുംബത്തോടുള്ള കടപ്പാടുകൾ അങ്ങനെയങ്ങു മറക്കാൻ സാധിക്കില്ലല്ലോ. ഇത്തരം കടമകളും കടപ്പാടുകളുംമൂലം സർഗ്ഗശക്തിയുടെ തീഷ്ണത കുറയുന്നു. മറ്റൊരു ദിവസത്തേക്കുള്ള മാറ്റിവെയ്ക്കലുകൾ. രചനയുടെ തീവ്രതയെ അപഹരിക്കുന്നു. എങ്കിലും എഴുതുവാനുള്ള ആത്മനൊമ്പരം ശക്തമാകുമ്പോൾ ഈ പ്രതിബന്ധങ്ങളൊന്നും തന്നെ തടസമാകും എന്നെനിക്കു തോന്നുന്നില്ല. പിന്നെ എഴുത്തിലെ പ്രകടമായ വ്യത്യാസം മാധവിക്കുട്ടി പറഞ്ഞതുതന്നെയാണ്. സ്ത്രീ എഴുതുന്നത് സ്വന്തം മനസ്സിൽ ഒരു കിണർ കുഴിക്കുന്നതുപോലെയാണ്. ഈ വ്യത്യാസത്തിനു കാരണം ജീവിതാനുഭവങ്ങളെ അവൻ ഉൾക്കൊള്ളുന്നു രീതിയാണ്.

**?** പെണ്ണെഴുത്തുകാർക്ക് ആത്മവിശ്വാസം കുറയുന്നു എന്ന് സച്ചിദാനന്ദൻ സാറിന്റെ അഭിപ്രായത്തെക്കുറിച്ച്......?

**◎** എഴുത്തുകാരികൾക്ക് അവരുടേതായ പരിമിതികളുണ്ട്. നേരത്തെ ഞാൻ പറഞ്ഞില്ലേ...ഒരു സ്ത്രീയുടെ ലോകം വളരെ ഇടുങ്ങിയതാണ്. അതുകൊണ്ടുതന്നെ ഒന്നിച്ചു കൂടുമ്പോൾ പുരുഷന്മാർക്ക് സംസാരിക്കാൻ ഒരു പാടു കാര്യങ്ങൾ ഉണ്ടാകുമ്പോൾ സ്ത്രീ മൗനം പാലിക്കുന്നു. പുരുഷന്മാർ ചുറ്റും നടക്കുന്ന സംഭവങ്ങളെക്കുറിച്ചും. ലോകകാര്യങ്ങളെക്കുറിച്ചുമൊക്കെ സംസാരിക്കുമ്പോൾ സ്ത്രീയുടെ സംഭാഷണം പലപ്പോഴും അയൽക്കാരിയുടെ പുതിയ സാരിയെക്കുറിച്ചും...വേലക്കാരുടെ കുറ്റങ്ങളെക്കുറിച്ചും ഒക്കെയായിരിക്കുന്നത് തികച്ചും സ്വാഭാവികമാണ്. ഇത്തരം പരിതസ്ഥിതിയിൽ സ്ത്രീയുടെ ആത്മവിശ്വാസത്തിന് കുറവുതട്ടിയേക്കാം അത്രതന്നെ...

**?** ഭാഷാപരമായി സ്ത്രീക്ക് അസമത്വമുണ്ടോ?

**◎** തീർച്ചയായും സ്ത്രീക്ക് സ്വന്തമായി ഒരു ഭാഷപോലും ഇല്ല. അവൾക്കുള്ളതെല്ലാം പുരുഷന്റെ കീഴിലാണെന്ന മട്ടിലാണ് ഇന്നത്തെ ഭാഷ. സ്വന്തം പ്രസവത്തെക്കുറിച്ചു പറയുമ്പോൾ പോലും അവനവന്റെ പ്രസവം അവൻ അവന്റെ പ്രസവവും എന്നു പറയേണ്ട ഗതികേടാണുള്ളത്. അവൾ ഉപയോഗിക്കുന്ന ഭാഷ വളരെയധികം കൃത്രിമത്വം കലർന്നതാണ്. വളരുന്ന പെൺകുട്ടികളുടെ സംഭാഷണം. ശ്രദ്ധിച്ചാൽ കൃത്രിമത്വം എളുപ്പം മനസ്സിലാകും. പ്രത്യേകിച്ച് അവർ സമപ്രായക്കാരായ ആൺകുട്ടികളോട് സംസാരിക്കുമ്പോൾ പ്രയോഗിക്കുന്ന ചില പദങ്ങൾ "ഈശ്വരാ..." "അയ്യോ..." തുടങ്ങിയവ കൃത്രിമത്വം കലർന്നതും അസ്ഥാനത്തുള്ളതുമാണ്. അടിച്ചമർത്തപ്പെട്ട ഓരോ വിഭാഗത്തിനും സ്വന്തമായ ഭാഷ എന്നു പറഞ്ഞതുപോലെ സ്ത്രീക്കും അവളുടേതായി ഒരു ഭാഷ കാലക്രമത്തിൽ ഉണ്ടാകും.

**?** ടീച്ചർ ഫെമിനിസം എന്ന പദംകൊണ്ട് ഉദ്ദേശിക്കുന്നതെന്താണ്? സ്ത്രീ വിമോചനമോ.....? സ്ത്രീ സമത്വമോ? ആരിൽ നിന്ന്....?

**◎** അടിച്ചമർത്തപ്പെട്ട വിഭാമാണ് സ്ത്രീ. അവൾ മോചിക്കപ്പെടാതെ സമത്വത്തെക്കുറിച്ച് സംസാരിക്കുന്നത് അർത്ഥശൂന്യമാണ്. പക്ഷേ ഈ മോചനം ഒരിക്കലും പുരുഷനിൽ നിന്നല്ല, പുരുഷൻ സ്ത്രീയുടെ ശത്രുവാണെന്ന് ഞാൻ കരുതുന്നില്ല. അവൾ മോചിക്കപ്പെടേണ്ടത് സ്ത്രീയും പുരുഷനും ഉൾപ്പെട്ട ജീർണ്ണിച്ച സാമൂഹിയക വ്യവസ്ഥിതിയുടെ പിടിയിൽ നിന്നാണ്.

**?** സ്ത്രീ സമത്വവാദി - ഫെമിനിസ്റ്റ് - എന്ന നിലയിൽ ടീച്ചറുടെ കഥയിൽ ദാമ്പത്യത്തെ എങ്ങനെ ചിത്രീകരിച്ചിരിക്കുന്നു...?

**◎** ഞാൻ പറഞ്ഞല്ലോ എന്റെ കഥാപാത്രങ്ങൾ തികച്ചും അമൂർത്തങ്ങളായ സങ്കല്പങ്ങൾ മാത്രമാണ് എന്ന്. ഞാൻ എന്റെ കഥകളിലൂടെ ദാമ്പത്യത്തെ രണ്ടു രീതിയിലാണ് വീക്ഷിക്കുന്നത്. ആദ്യകാലത്തെഴുതിയ 'കാടിന്റെ സംഗീതം' എന്ന കഥാസമാഹാരത്തിൽ ദാമ്പത്യത്തെക്കുറിച്ചും വൈയക്തികമായ രീതിയിലാണ് വീക്ഷിച്ചിട്ടുള്ളത്. വിവാഹം എന്നത് വിരുദ്ധ അഭിപ്രായങ്ങളുള്ള രണ്ടു വ്യക്തികളുടെ സമന്വയമാണ്. അതുകൊണ്ട് തീർച്ചയായും അവർക്കിടയിൽ പ്രശ്നങ്ങൾ ഉണ്ടാകും. കുടുംബജീവിതത്തിലെ പുരുഷമേധാവിത്വത്തോടുള്ള ശക്തമായ പ്രതികരണം എന്ന രീതിയിൽ കഥാനായിക ഒരു പക്ഷിക്കുഞ്ഞിനെ ഞെരിച്ചു കൊല്ലുന്നുണ്ട്. ഇതൊരു രീതിയിലുള്ള കാഴ്ചപ്പാടാണ്. എന്നാൽ 'പാപത്തറ' എന്ന സമാഹാരത്തിലെ 'സ്കൂട്ടർ' എന്ന കഥ

തീർത്തും സാമൂഹികമായ കാഴ്ചപ്പാടിൽ എഴുതപ്പെട്ടതാണ്. അതിലെ 'സ്കൂട്ടർ' ഇന്നു കാണുന്ന ജീർണ്ണിച്ച ദാമ്പത്യത്തിന്റെ പ്രതീകം മാത്രമാണ്. ഇന്നു നമ്മുടെ സമൂഹത്തിൽ നിലനിൽക്കുന്ന ദുഷിച്ച 'ആചാരങ്ങളിൽ' ഒന്നാണ് 'മാതൃകാദമ്പതികൾ' എന്ന ബഹുമതി. ഒരു കഥയിലെ ഓരോ കഥാപാത്രവും സംഭവങ്ങളും പ്രതീകങ്ങൾ മാത്രമാണ്. ഈ രണ്ടുകഥകളും എഴുതപ്പെട്ട കാലഘട്ടത്തിൽ വന്നിട്ടുള്ള മൂല്യച്യുതിയും കഥകളിൽ നിഴലിക്കുന്നുണ്ട്. ആദ്യകാലത്ത് സമൂഹം മൂല്യങ്ങൾക്കു വളരെയധികം വിലകൽപ്പിച്ചു. എന്നാൽ ഇന്നത്തെ സമൂഹം കേവലം നാണയഗന്ധിയായി മാറുകയാണ്. ഈ ആശയം അടുത്തകാലത്തെഴുതിയ 'ജോർജ്ജുകുട്ടിയും കുറേ പെണ്ണുങ്ങളും' എന്ന കഥയിലും ഉണ്ട്.

? ടീച്ചർ എഴുതിയ കഥകളിൽ അടുത്തകാലത്ത് വളരെയധികം ശ്രദ്ധിക്കപ്പെട്ട ഒന്നാണല്ലോ 'നിലാവ് അറിയുന്നു' എന്ന കഥ. അതിനെക്കുറിച്ച്...

◎ 'നിലാവറിയുന്നു' എന്ന കഥയിൽ പ്രതിബിംബിക്കുന്നത് ഇന്നത്തെ സമൂഹത്തിന്റെ ഭീതിദമായ ഒരു അവസ്ഥയാണ്. നിർമ്മല മനസ്കനായ ഒരു നാട്ടിൻ പുറത്തുകാരനാണ് ഇതിലെ നായകനായ ഉണ്ണികൃഷ്ണൻ. നഗരത്തിൽ ഭാര്യയോടൊപ്പം താമസിക്കുമ്പോൾ, നഗരത്തിന്റെ പൈശാചികമായ മുഖം അയാളിൽ ഭീതിയുടെ വിത്തു വിതച്ചു. വിഷലിപ്തമായ സമൂഹത്തിനെതിരെ പോരാടണം എന്ന് അയാൾക്ക് മനസ്സിലുണ്ട്. പക്ഷെ മാനസികമായി അയാളൊരു ദുർബലനായി പോയി (ശാരീരികമായും....) തനിക്കു ലഭിക്കുന്നതിലൊക്കെ അഴുക്കാണ് എന്ന ബോധത്തോടെ ഭ്രാന്തമായ ആവേശത്തോടെ ഉണ്ണികൃഷ്ണൻ അതെല്ലാം കഴുകി വെടിപ്പാക്കാൻ ശ്രമിക്കുന്നു.

നാട്ടിലേക്കു മടങ്ങുന്ന അയാൾ വറ്റിയ കുളങ്ങളും പുഴകളും കണ്ട് അമ്പരുന്നു. കാരണവന്മാർ അയാളുടെ മാനസിക വിഭ്രാന്തിയെ ജലപിശാചായി വ്യാഖ്യാനിക്കുന്നു. പക്ഷെ യഥാർത്ഥത്തിൽ നിസ്സഹായനായ ഒരുവന്റെ പ്രതിഷേധമാണിത്. എന്നാൽ അവസാന ഭാഗത്ത് തങ്കമണിയുടെ വൈയക്തികമായ ദുഃഖത്തിന് പ്രാധാന്യമേറുന്നു. ഉണ്ണികൃഷ്ണന്റെ ദുഃഖം കേവലം സാമൂഹികമാണ്. തങ്കമണി, ഭീതിയിൽ പൊതിയപ്പെടേണ്ട അടുത്ത തലമുറയെ ഉള്ളിൽ വഹിക്കുന്നു. ഇതാണ് കഥയിൽ അവസാനഭാഗത്തു വരുന്ന വ്യത്യാസം.

? കേരളീയ സമൂഹത്തിൽ സ്ത്രീകൾക്ക് പണ്ടുണ്ടായിരുന്നു എന്നു പറയപ്പെടുന്ന സുവർണ്ണകാലം അസ്തമിച്ചതെങ്ങിനെയാണെന്ന് ഒന്നു വിശദമാക്കാമോ....?

◎ നിങ്ങൾ പറയുന്ന തരത്തിലുള്ള ഒരു സുവർണ്ണകാലം ഉണ്ടായിരുന്നതായി എനിക്കഭിപ്രായമില്ല. ഉണ്ടായിരുന്നത് നായർ തറവാടുകളിൽ മരുമക്കത്തായം ഉള്ളപ്പോഴായിരുന്നു. ഇഷ്ടമുള്ള പുരുഷനെ സംബന്ധം ചെയ്യാൻ അന്ന് ആ സ്ത്രീകൾക്ക് കഴിഞ്ഞിരുന്നു. പക്ഷെ ഈ സ്വാതന്ത്ര്യത്തിനു പിന്നിൽ ഒരു അടിമത്തം നിലനിന്നിരുന്നു എന്ന കാര്യം നമ്മൾ സൗകര്യപൂർവ്വം മറക്കുകയാണ്. എല്ലാറ്റിലും അവസാന വാക്ക് അമ്മാവനായിരുന്നല്ലോ. സ്വാതന്ത്ര്യസമരത്തോട് ബന്ധപ്പെട്ടും, മുപ്പതുകളിൽ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിന്റെ ആരംഭത്തോടെയും കേരളത്തിൽ സ്ത്രീകളുടെ ഒരു മുന്നേറ്റം കണ്ടിരുന്നു. എന്നാൽ ഇന്നത് അപ്രത്യക്ഷമവുകയാണ്. ഇതു വളരെ മോശമാണ്.



? കേരളത്തിൽ വിവിധ ഫെമിനിസ്റ്റ് ഗ്രൂപ്പുകളുടെ പെരുമാറ്റം പരസ്പര വിരുദ്ധമാകുന്നുണ്ടോ?

◎ കേരളത്തിൽ ഇതുവരെ ഒരു ഫെമിനിസ്റ്റ് മൂവ്മെന്റ് ഉണ്ടായിട്ടില്ല. ചില ഫെമിനിസ്റ്റ് ഗ്രൂപ്പുകൾ ചില ആശയങ്ങൾ മുന്നോട്ടു വയ്ക്കുക മാത്രമേ ഇതുവരെ ചെയ്തിട്ടുള്ളു. ഈ ആശയങ്ങൾ സമൂഹമനസാക്ഷിയുടെ അടിത്തട്ടിൽ ചില ചലനങ്ങൾ തീർച്ചയായും ഉണ്ടാക്കിയിട്ടുണ്ട്. പിന്നെ കേരളത്തിലെ ഫെമിനിസ്റ്റ് ഗ്രൂപ്പുകൾ പലതും രാഷ്ട്രീയപാർട്ടികളുടെ വനിതാ വിഭാകമാണ്. അതുകൊണ്ടുതന്നെ ഇവരുടെ പ്രവർത്തനങ്ങൾ പരസ്പരവിരുദ്ധമാവാം. യഥാർത്ഥത്തിൽ ഒരു ഫെമിനിസ്റ്റ് മൂവ്മെന്റ് ഉണ്ടാകണമെങ്കിൽ രാഷ്ട്രീയത്തിൽ ഉൾപ്പെടാത്ത സ്ത്രീകൾ ഒറ്റക്കെട്ടായി മുന്നോട്ടു വരികതന്നെവേണം.

? ഒരു ഫെമിനിസ്റ്റ് എന്ന നിലയിൽ സ്ത്രീപുരുഷബന്ധങ്ങളേയും പ്രണയ വിവാഹങ്ങളേയും ടീച്ചർ ഏതു രീതിയിൽ സമീപിക്കുന്നു...?

◎ ഇന്നു നമ്മുടെ സമൂഹം സ്ത്രീപുരുഷബന്ധങ്ങൾക്ക് ഒരു പാടുവിലങ്ങുകൾ പണിയുന്നുണ്ട്. സ്ത്രീക്കും പുരുഷനും ഇടയിൽ സുഹൃത്ത്ബന്ധം വിഭാവന ചെയ്യാ നായി നമ്മുടെ സമൂഹത്തിന് ആവു ന്നില്ല. അടച്ചുമൂടി വളർത്തപ്പെടുന്നതുകൊണ്ടു തന്നെ പുരുഷന്മാരുമായ വളരെയധികം സുഹൃത്ബന്ധങ്ങൾ വളർത്തിയെടുക്കാനും അതിൽ തന ക്കേറ്റവും യോജിച്ചതിനെ പ്രണയമാ ക്കിമാറ്റാനും സ്ത്രീക്കു കഴിയുന്നില്ല.

? സ്ത്രീയെ ഒരു കാഴ്ചവസ്തുവാക്കുന്നതിൽ വനിതാമാസികകളുടെ പങ്കിനെക്കുറിച്ച് ടീച്ചർക്ക എന്താണു പറയാനുള്ളത്...?

◎ ശക്തമായ ഭാഷയിലുള പ്രതിഷേധം.....അതിൽ കുറഞ്ഞൊന്നുമില്ല.